# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.09.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഇരുപതാമത് റോസ്ഗാർ മേളയിലൂടെ 51,000-ത്തിലധികം നിയമന ഉത്തരവുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി വീഡിയോ കോൺഫറൻസിംഗിലൂടെ ഇന്ന് വിതരണം ചെയ്യും.

   **Prime Minister Narendra Modi will distribute more than 51,000 appointment letters through video conferencing today as part of the 20th Rozgar Mela.**

2. റോസ്ഗാർ മേളയുടെ ഭാഗമായി കൊച്ചിയിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ കേന്ദ്രസഹമന്ത്രിമാരായ സുരേഷ് ഗോപിയും ജയന്ത് ചൗധരിയും പങ്കെടുക്കും.

   **Union Ministers of State Suresh Gopi and Jayant Chaudhary will attend the programme being organised in Kochi, Keralam as part of the Rozgar Mela.**

3. ദേശീയ ഹരിത ട്രൈബ്യൂണലിൻറെ രണ്ട് ദിവസത്തെ അന്താരാഷ്ട്ര സമ്മേളനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi will inaugurate the two-day international conference of the National Green Tribunal in New Delhi today.**

4. ഇന്ന് അന്താരാഷ്ട്ര തീരദേശ ശുചീകരണ ദിനം. സ്വച്ഛ് സാഗർ സുരക്ഷിത് സാഗർ കാമ്പെയ്ൻെറ ഭാഗമായി രാജ്യത്തുടനീളം കടൽത്തീര ശുചീകരണ യജ്ഞം നടക്കും.

   **Today is International Coastal Cleanup Day. As part of the Swachh Sagar Surakshit Sagar campaign, coastal cleanup drives will be conducted across the country.**

5. കേരളത്തിൽ ഇന്നും നാളെയും പരക്കെ മഴയ്ക്ക് സാധ്യത. കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

**Widespread rain is likely in Keralam today and tomorrow. A yellow alert has been issued for Kottayam, Idukki, Malappuram, and Kozhikode districts today.**

6. 20-ാമത് ഏഷ്യൻ ഗെയിംസിന് ഇന്ന് ജപ്പാനിൽ തുടക്കമാകും. 500ലേറെ ഇന്ത്യൻ താരങ്ങൾ മാറ്റുരയ്ക്കും.

**The 20th Asian Games will begin in Japan today. More than 500 Indian athletes will compete in the Games.**

&&&&&&&&&&&&&&&&&&&&&&&

## PM-ROZGAR MELA (INTRO)

ഇരുപതാമത്ത് റോസ്ഗർ മേളയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളിൽ 51,000-ത്തിലധികം നിയമന ഉത്തരവുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ വിതരണം ചെയ്യും.

**വിശദാംശങ്ങളിലേക്ക് ..... (വോയിസ്)**

## PM-ROZGAR MELA (VOICE)

രാജ്യത്തുടനീളം 45 കേന്ദ്രങ്ങളിലായാണ് 20-ാമത് റോസ്ഗാർ മേള സംഘടിപ്പിച്ചിരിക്കുന്നത്. ഉദ്യോഗാർഥികൾക്ക് ധനകാര്യം, റെയിൽവേ, ആഭ്യന്തരം, ആരോഗ്യ കുടുംബക്ഷേമം, പ്രതിരോധം തുടങ്ങി വിവിധ മന്ത്രാലയങ്ങളിലും കേന്ദ്രസർക്കാർ വകുപ്പുകളിലുമായിരിക്കും നിയമനം. 20-ാമത് റോസ്ഗാർ മേളയോടെ നിയമന കത്തുകൾ ലഭിക്കുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം 12 ലക്ഷത്തി 75,000 ആകും. യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും രാജ്യത്തിന്റെ വികസനയാത്രയിൽ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുകയാണ് റോസ്ഗാർ മേളയുടെ ലക്ഷ്യം. ചടങ്ങിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർഥികളെ അഭിസംബോധന ചെയ്യും. കൊച്ചി കലൂരിലും പാലാരിവട്ടത്തും നടക്കുന്ന റോസ്ഗാർ മേളകളിൽ കേന്ദ്രസഹമന്ത്രിമാരായ സുരേഷ് ഗോപിയും, ജയന്ത് ചൗധരിയും പങ്കെടുക്കും.

**ന്യൂസ് ഡെസ്ക്, ആകാശവാണി....**

&&&&&&&&&&&&&&&&&&&&&&&

## PM-ENVIRONMENT CONFERENCE

"പരിസ്ഥിതിയുടെയും കാലാവസ്ഥാ വ്യതിയാനങ്ങളുടെയും ഭാവി" എന്ന വിഷയത്തിൽ ദേശീയ ഹരിത ട്രൈബ്യൂണൽ സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ അന്താരാഷ്ട്ര സമ്മേളനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. പരിസ്ഥിതി വിദഗ്ധർ, സുപ്രീം കോടതിയിലെയും ഹൈക്കോടതികളിലെയും ജഡ്ജിമാർ, വിവിധ മന്ത്രാലയ സെക്രട്ടറിമാർ എന്നിവരെ കൂടാതെ 17 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളും സമ്മേളനത്തിന്റെ ഭാഗമാകും.

&&&&&&&&&&&&&&&&&&&&&&&

## JPC-FCRA

വിദേശ സംഭാവന നിയന്ത്രണ ഭേദഗതി ബിൽ 2026 സംബന്ധിച്ച സംയുക്ത പാർലമെന്ററി സമിതിയുടെ ആദ്യ യോഗം ന്യൂഡൽഹിയിൽ ചേർന്നു. ലോകസഭാംഗം സഞ്ജയ് ജയ്സ്വാളിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, ബില്ലിലെ വ്യവസ്ഥകളെക്കുറിച്ച് ആഭ്യന്തര മന്ത്രാലയ പ്രതിനിധികൾ വിശദീകരിച്ചു. സൗഹാർദ്ദപരമായ അന്തരീക്ഷത്തിൽ നടന്ന യോഗത്തിൽ , അംഗങ്ങൾ നിരവധി ചോദ്യങ്ങൾ ഉന്നയിച്ചതായി ജെ പി സി - ചെയർമാൻ സഞ്ജയ് ജയ്സ്വാൾ മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&

## SWACHH SAGAR SURAKSHIT SAGAR

ഇന്ന് അന്താരാഷ്ട്ര തീരദേശ ശുചീകരണ ദിനം. ദിനാചരണത്തോട് അനുബന്ധിച്ച് സ്വച്ഛ് സാഗർ സുരക്ഷിത് സാഗർ കാമ്പെയ്ൻ്റെ ഭാഗമായി രാജ്യവ്യാപകമായി കടൽത്തീരങ്ങളിൽ ശുചീകരണ യജ്ഞം നടക്കും. കണ്ണൂർ മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചിൽ ശുചീകരണ യജ്ഞം അൽപസമയത്തിനകം ആരംഭിക്കും. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, എൻ.സി.സി, എൻ.എസ്.എസ് വളണ്ടിയർമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മത്സ്യത്തൊഴിലാളികൾ എന്നിവർ പങ്കാളികളാകും.

&&&&&&&&&&&&&&&&&&&&&&&

## PM - UAE

സമാധാനം, സുരക്ഷ, സ്ഥിരത എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങളിൽ തുടർ സഹകരണവും ഏകോപനവും ഉറപ്പാക്കുമെന്ന് ഇന്ത്യയും യുഎഇയും. യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനും പ്രധാനമന്ത്രി നരേന്ദ്ര മോദിയും നടത്തിയ ഫോൺ സംഭാഷണത്തിൽ പശ്ചിമേഷ്യയിലെ സാഹചര്യങ്ങളെക്കുറിച്ച് ആശയവിനിമയം നടത്തി. ഊർജ്ജം, പ്രതിരോധം, സാങ്കേതികവിദ്യ, നിക്ഷേപം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ഇന്ത്യ-യുഎഇ സമഗ്ര തന്ത്രപ്രധാന പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പുതിയ നടപടികളെക്കുറിച്ചും ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&&&&&&&

## EAM BHUTAN JOINT STATEMENT

ഭൂട്ടാൻറെ വികസന ലക്ഷ്യങ്ങൾക്ക് ഇന്ത്യയുടെ പൂർണ്ണ പിന്തുണ ഉണ്ടാകുമെന്ന് ആവർത്തിച്ച് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ഭൂട്ടാൻ വിദേശകാര്യ മന്ത്രിയുമായി ശ്രീ ജയശങ്കർ ചർച്ച നടത്തി. പരസ്പര പ്രാധാന്യമുള്ള പ്രാദേശിക, അന്തർദ്ദേശീയ വിഷയങ്ങൾ ചർച്ച ചെയ്തു. ഭൂട്ടാനിലെ നിരവധി വികസന പദ്ധതികളും ഇരുവരും ചേർന്ന് ഉദ്ഘാടനം ചെയ്തു. ഭൂട്ടാൻ രാജാവ് ജിഗ്മെ ഖേസർ നാംഗ്യേൽ വാങ്ചുക്, ഭൂട്ടാൻ പ്രധാനമന്ത്രി ദാഷോ ഷെറിങ് തോബ്ഗെ എന്നിവരുമായും കേന്ദ്രമന്ത്രി കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&&&&&&&&

## SUGAR STOCKHOLDING LIMIT

വാണിജ്യ ഉപഭോക്താക്കൾക്ക് പഞ്ചസാര ശേഖരണ പരിധി 15 ദിവസത്തിൽ നിന്ന് 30 ദിവസമായി ഉയർത്താൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു. എന്നാൽ, നിലവിലുള്ള 15 ദിവസത്തെ പരിധിക്കപ്പുറം കൈവശം വെക്കുന്ന പഞ്ചസാര, അഡ്വാൻസ് ഓഥറൈസേഷൻ പദ്ധതി, താരിഫ് റേറ്റ് ക്വാട്ട എന്നിവ വഴി ഇറക്കുമതി ചെയ്തതിൽ നിന്ന് മാത്രം സമാഹരിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായാണ് ഇളവ് അനുവദിച്ചത്. പൊതുവിപണിയിൽ നിന്ന് വാങ്ങുന്നതിനുള്ള ശേഖരണ പരിധി 15 ദിവസം എന്നത് മാറ്റമില്ലാതെ തുടരും.

&&&&&&&&&&&&&&&&&&&&&&&

## RBI- SOFTWARE EXPORTS

2025-26 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ സോഫ്റ്റ്‌വെയർ സേവന കയറ്റുമതി 8.2 ശതമാനം വർധിച്ച് 221.4 ബില്യൺ ഡോളറിലെത്തിയതായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ വാർഷിക സർവേ. ആകെ സോഫ്റ്റ്‌വെയർ സേവന കയറ്റുമതിയുടെ ഭൂരിഭാഗവും ബിപിഒ സേവനങ്ങളടങ്ങുന്ന ഐടി അധിഷ്ഠിത മേഖലയിൽ നിന്നാണ്. കയറ്റുമതിയുടെ 54.1 ശതമാനവും അമേരിക്കയിലേക്കാണ്.

&&&&&&&&&&&&&&&&&&&&&&&

## INDIA FIRST-CLIMATE SURVEY

Swedish Chamber of Commerce in India പുറത്തുവിട്ട ഏറ്റവും പുതിയ ബിസിനസ് ക്ലൈമറ്റ് സർവേ 2026 പ്രകാരം, 40 ഓളം രാജ്യങ്ങളെ അപേക്ഷിച്ച്, ബിസിനസ് അന്തരീക്ഷത്തിൽ ഇന്ത്യ ഒന്നാം സ്ഥാനം നേടി. വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ സാമൂഹ്യ മാധ്യമത്തിലാണ് ഈ വിവരം പങ്കുവെച്ചത്. ആഗോളതലത്തിലെ അസ്ഥിരതകൾക്കിടയിലും ഇന്ത്യയിലെ ബിസിനസ് അന്തരീക്ഷം സുസ്ഥിരത, വളർച്ച, വ്യവസായ സൗഹൃദ അന്തരീക്ഷം എന്നിവയിൽ മികച്ച മാനദണ്ഡമാണ് മുന്നോട്ടുവെക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&

## SEVA SANKALP NITI AYOG

പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സംഘടിപ്പിക്കുന്ന ഒരു മാസം നീളുന്ന സേവാ സങ്കൽപ് അഭിയാൻ പുരോഗമിക്കുന്നു. 'ജനസേവനത്തിലൂടെ രാഷ്ട്രസേവനം' എന്ന ആശയം മുൻനിർത്തി 2047-ഓടെ 'വികസിത ഭാരതം' കൈവരിക്കാനുള്ള പരിശ്രമങ്ങൾ അനാവരണം ചെയ്യുകയാണ് പരിപാടിയുടെ ലക്ഷ്യം. 'സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, നിതി ആയോഗിൻറെ കാഴ്ചപ്പാടുകളെ കുറിച്ച് ചർച്ച ചെയ്യു. നയരൂപീകരണ സമിതിയായി രൂപകൽപ്പന ചെയ്യുകൊണ്ട്, 2015 ജനുവരി 1-നാണ് നിതി ആയോഗ് നിലവിൽ വന്നത്. നിതി ആയോഗിന്റെ രൂപീകരണം സഹകരണാത്മക

ഫെഡറലിസത്തെ ശക്തിപ്പെടുത്തുമെന്ന് നിതി ആയോഗ് മുൻ സി ഇ ഒ - അമിതാഭ് കാന്ത് പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&

**RANDHIR JAISWAL- RED SEA (INTRO)**

ചെങ്കടൽ മേഖലയിലെ സുരക്ഷാ സാഹചര്യത്തിൽ ആശങ്ക രേഖപ്പെടുത്തി ഇന്ത്യ. സൗദി അറേബ്യയുടെ പരമാധികാര പ്രദേശത്തിന് നേരെയുണ്ടായ ആക്രമണങ്ങളെയും ഇന്ത്യ അപലപിച്ചതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

(ഹോൾഡ് വോയിസ്......)

&&&&&&&&&&&&&&&&&&&&&&&

**RAIN - KERALAM**

കേരളത്തിൽ ഇന്നും നാളെയും പരക്കെ മഴയ്ക്ക് സാധ്യത. കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. നാളെ മൂന്ന് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&&

**ASIAN GAMES**

20-ാമത് ഏഷ്യൻ ഗെയിംസിന് ഇന്ന് ജപ്പാനിൽ തുടക്കമാകും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2.30 ന് ആരംഭിക്കും. ഉദ്ഘാടന ചടങ്ങിൽ ഒളിമ്പിക്സ് ഇരട്ട മെഡൽ ജേതാവ് മനു ഭാക്കറും ഷോട്ട്പുട്ട് താരം തജീന്ദർപാൽ സിംഗ് ടൂറും ഇന്ത്യൻ പതാകയേന്തും. അടുത്ത മാസം നാല് വരെ നടക്കുന്ന ഗെയിംസിൽ 37 ഇനങ്ങളിലായി 500 ലേറെ ഇന്ത്യൻ താരങ്ങൾ മത്സരിക്കും.

&&&&&&&&&&&&&&&&&&&&&&&

**TRUMP-MEDIA BAN**

വ്യാജ വാർത്തകൾ നൽകുന്നു എന്ന ആരോപണത്തെ തുടർന്ന് സിഎൻഎൻ, MS NOW, പൊളിറ്റിക്കോ എന്നീ മാധ്യമ സ്ഥാപനങ്ങളെ നിരോധിക്കുകയാണെന്ന് വൈറ്റ് ഹൗസ്. മാധ്യമ സ്ഥാപനങ്ങൾക്ക് മേലുള്ള ഇത്തരം വിലക്കുകൾ തുടർന്നേക്കാമെന്നും യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്

അറിയിച്ചു. അധികാരത്തിൽ തിരിച്ചെത്തിയ ശേഷം, ന്യൂയോർക്ക് ടൈംസ്, വാൾസ്ട്രീറ്റ് ജേണൽ, ബിബിസി തുടങ്ങിയ മാധ്യമ സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി ട്രംപ് സ്വീകരിച്ചിരുന്നു.

&&&&&&&&&&&&&&&&&&&&&&&

## PAKISTAN - BLAST

പാകിസ്ഥാനിൽ സ്ഫോടനത്തിൽ 15 പൊലീസുകാർ ഉൾപ്പെടെ 21 പേർ കൊല്ലപ്പെട്ടു. നൂറിലധികം പേർക്ക് പരിക്കേറ്റു. പള്ളിക്ക് സമീപം വെള്ളിയാഴ്ച പ്രാർത്ഥനയ്ക്കിടെയാണ് സ്ഫോടനമുണ്ടായത്. തിരച്ചിലിൽ 6 ഭീകരരെ വധിച്ചതായി പാകിസ്ഥാൻ പൊലീസ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&

## UN-WFP HEAD

ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യ ഏജൻസിയായ വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ മേധാവിയായി അമേരിക്കൻ കൃഷി വകുപ്പ് ഉദ്യോഗസ്ഥൻ ലൂക്ക് ലിൻഡ്-ബെർഗിനെ ഐക്യരാഷ്ട്രസഭ നിയമിച്ചു. സംഘടന, ഫണ്ട് വെട്ടിക്കുറയ്ക്കൽ ഉൾപ്പെടെയുള്ള പ്രതിസന്ധി നേരിടുന്നതിനിടെയാണ് നിയമനം. സംഭാവനകളെ ആശ്രയിച്ചാണ് റോം ആസ്ഥാനമായുള്ള ഈ സംഘടന പ്രവർത്തിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&